ഇരുണ്ട കാലം ഗാന്ധിയെ തിരയുന്നു

കത്ത്/ വീക്ഷണം

**ഗാന്ധിയും നെഹ്‌റുവും തമ്മിൽ നടത്തിയ വളരെ പ്രധാനപ്പെട്ട ഒരു കത്തിടപാട്. 1908ൽ ഹിന്ദ് സ്വരാജ് എന്ന പുസ്തകത്തിൽ വിഭാവനം ചെയ്ത ഭരണസംവിധാനത്തിൽ താൻ ഉറച്ചുനിൽക്കുന്നതായും അതിനെക്കുറിച്ചുള്ള നെഹ്‌റുവിന്റെ അഭിപ്രായം വ്യക്തമാക്കണമെന്നും ഗാന്ധി കത്തിലൂടെ ആവശ്യപ്പെടുന്നു. ഹിന്ദ്സ്വരാജിൽ പറയുന്ന കാര്യങ്ങൾ അയഥാർത്ഥമാണ് എന്ന് മറുപടി പറയുന്ന നെഹ്‌റു ആധുനിക വികസനത്തെ നിർബ്ബന്ധമായും പിന്തുടരേണ്ടതും വികസിപ്പിക്കേണ്ടതും ഇന്ത്യയ്ക്ക് അനിവാര്യമാണെന്നും വ്യക്തമാക്കുന്നു. സ്വതന്ത്ര ഇന്ത്യയുടെ ഭാവി തീരുമാനിച്ച ആ വീക്ഷണവ്യത്യാസങ്ങളിലേക്ക്...**

# ഗാന്ധിയും നെഹ്‌റുവും
# ഒരു കത്തും മറുപടിയും

## ഗാന്ധിയുടെ കത്ത്

**ഒക്ടോബർ 5, 1945**

പ്രിയപ്പെട്ട ജവാഹർലാൽ,

താങ്കൾക്കു കത്തെഴുതുവാൻ പല നാളായി ആഗ്രഹിക്കുന്നു, ഇതിനുമുമ്പ് അങ്ങിനെ ചെയ്യാൻ സധിച്ചിട്ടില്ല. നിങ്ങൾക്കുള്ള കത്ത് ഇംഗ്ലീഷിൽ വേണമോ അതോ ഹിന്ദുസ്ഥാനിയിൽ ആകണമോ എന്ന ചോദ്യവും മനസിലുണ്ടായിരുന്നു. ഒടുവിൽ ഹിന്ദുസ്ഥാനിയിൽ എഴുതുവാൻ തന്നെ നിശ്ചയിച്ചു.

ആദ്യമായി നമുക്കിടയിലുള്ള വീക്ഷണവ്യത്യാസങ്ങളെക്കുറിച്ച് എഴുതാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അഭിപ്രായവ്യത്യാസങ്ങൾ അടിസ്ഥാനപരമാണ് എങ്കിൽ പൊതുജനം അതേക്കുറിച്ച് ബോധവാന്മാരാകേണ്ടതുണ്ട് എന്ന് എനിക്കുതോന്നുന്നു. സ്വരാജിനുവേണ്ടിയുള്ള നമ്മുടെ പ്രവൃത്തികൾ അന്ധകാരത്തിലേക്ക് മാറ്റിനിർത്തുന്നത് ഹാനികരമായിരിക്കും. ഹിന്ദ്സ്വരാജിൽ വിഭാവനം ചെയ്ത ഭരണസംവിധാനത്തിൽ ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുന്നതായി ഞാൻ പറയുന്നു. ഇത് കേവലം വാക്കുകളല്ല. ഈ കൊച്ചുപുസ്തകം എഴുതിയ 1908 കാലംതൊട്ടുതന്നെ ഞാനാർജ്ജിച്ച എല്ലാ അനുഭവങ്ങളും എന്റെ വിശ്വാസങ്ങൾ സത്യമാണെന്ന് സ്ഥിരീകരിക്കുകയുണ്ടായി. അതുകൊണ്ടുതന്നെ ഏകനാണെങ്കിൽ കൂടിയും ഞാൻ അത് ഗൗനിക്കുന്നില്ല; ഞാൻ കാണുന്ന സത്യത്തിന് ഒരു ദൃക്സാക്ഷി മാത്രമാകേണ്ടിവന്നാൽ തന്നെയും. ഞാൻ എഴുതിയിരുന്നപ്പോൾ എന്റെ മുന്നിൽ ഹിന്ദ്സ്വരാജ് ഉണ്ടായിരുന്നില്ല. എന്റെ സ്വന്തം വാക്കുകളിൽ ഒരു ചിത്രം വരക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഉചിതമായ കാര്യമായിരുന്നു. അത് ഹിന്ദ്സ്വരാജിൽ ഞാൻ കോറിയിട്ടതു തന്നെയാണോ അല്ലയോ എന്നകാര്യം നാമിരുവരെയും സംബന്ധിച്ചിടത്തോളം അപ്രധാനമായ കാര്യമാണ്. അപ്പോൾപ്പിന്നെ ഞാൻ പറഞ്ഞതിന്റെ ശരിതെറ്റുകൾ തെളിയിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന് തോന്നുന്നില്ല. ഇന്ന് എനിക്ക് എന്തുതോന്നുന്നു എന്നത് അറിഞ്ഞിരിക്കേണ്ടത് മാത്രമാണ് ആവശ്യം.

ഇന്ത്യ യഥാർത്ഥ സ്വാതന്ത്ര്യം നേടുകയും അതുവഴി ലോകം തന്നെ സ്വതന്ത്രമാക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ, എത്രയും പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ അംഗീകരിക്കപ്പെടേണ്ടുന്ന വസ്തുത ജനങ്ങൾ ഗ്രാമങ്ങളിലാണ് മറിച്ച് പട്ടണങ്ങളിലല്ല വസിക്കേണ്ടതെന്നും, കൊട്ടാരങ്ങളില്ല കുടിലുകളിലാണ് എന്നുള്ളതും എനിക്ക് ബോധ്യമുള്ള കാര്യമാണ്. അപ്പോൾ അവർക്ക് ഹിംസയെയോ അസത്യത്തെയോ കൂട്ടുപിടിക്കേണ്ട ആവശ്യമുണ്ടാകില്ല. സത്യവും അഹിംസയും ഇല്ലാതാകുമ്പോൾ മാനവരാശിയെ സംബന്ധിച്ചിടത്തോളം സർവ്വനാശമല്ലാതെ മറ്റൊന്നുമില്ല എന്ന കാര്യം ഞാൻ ഉയർത്തിപ്പിടിക്കുന്നു. സത്യവും അഹിംസയും ഗ്രാമീണജീവിതത്തിന്റെ ലാളിത്യത്തിലാണെന്നും ഈ ലാളിത്യം നമുക്ക് കാണാൻ സാധിക്കുക ചർഖയിലാണെന്നും അതുമാത്രമാണ് ചർഖയിലൂടെ ഉദ്ദേശിക്കുന്നതെന്നും തിരിച്ചറിയാൻ നമുക്ക് സാധിക്കും. ലോകം ഇന്ന് തെറ്റായ ദിശയിലൂടെയാണ് പോയ്ക്കൊണ്ടിരിക്കുന്നത് എന്നതിനെക്കുറിച്ച് ഭയപ്പെടേണ്ടതില്ല. ഒരുവേള ഇന്ത്യതന്നെയും ഇതേവഴിയിൽ കൂടി സഞ്ചരിക്കുവാനും തീനാളത്തിലേക്ക് പറന്നടക്കുന്ന ശലഭത്തെപ്പോലെ സ്വാഭാവികമായും കരിഞ്ഞുപോകുകയും ചെയ്യും. എന്നാൽ ഇത്തരമൊരു വിധിയിൽ നിന്നും ഇന്ത്യയെയും അതുവഴി മുഴുവൻ ലോകത്തെത്തന്നെയും സംരക്ഷിക്കുവാൻ എന്റെ അന്തിമശ്വാസം വരെ ശ്രമിക്കുക എന്നത് എന്നിൽ അർപ്പിതമായിട്ടുള്ള കടമയാണ്. ഞാൻ പറഞ്ഞതിന്റെ സത്തയെന്നത്, മനുഷ്യൻ അവന്റെ യഥാർത്ഥ ആവശ്യങ്ങളിലും സ്വയംപര്യാപ്തനായി മാറുന്നതിലും ഒതുങ്ങി നിൽക്കണമെന്നാണ്.

ഈയൊരു നിയന്ത്രണം അവന് ഇല്ലായെങ്കിൽ അവന് തന്നെത്തന്നെ രക്ഷിക്കുവാൻ കഴിയുകയില്ല. ആത്യന്തികമായി ഈ ലോകം തന്നെയും വ്യക്തികളാൽ രൂപപ്പെടുന്നതുപോലെ. പുതുതായി ഞാനൊന്നും പറഞ്ഞിട്ടില്ല. ഇത് വളരെ പരക്കെ അറിയപ്പെടുന്ന സത്യമാണ്.

എന്നാൽ ഹിന്ദ്സ്വരാജിൽ ഇക്കാര്യം ഞാൻ പ്രസ്താവിച്ചിട്ടുണ്ടെന്ന് എനിക്കുതോന്നുന്നില്ല. ഇന്ന് നിലവിലുള്ള ഗ്രാമീണജീവിതമാണ് ഞാൻ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് താങ്കൾ സങ്കല്പിക്കാതിരിക്കുക. ഗ്രാമങ്ങളെക്കുറിച്ചുള്ള എന്റെ സ്വപ്നങ്ങൾ ഇപ്പോഴും എന്റെ മനസിലാണ്. ആത്യന്തികമായി എല്ലാ മനുഷ്യരും ജീവിക്കുന്നത് അവന്റെ സങ്കല്പലോകങ്ങളിലാണ്. എന്റെ ആദർശ ഗ്രാമങ്ങൾ ബുദ്ധിമാന്മാരായ മനുഷ്യർ അടങ്ങുന്നതായിരിക്കും. അവർ മൃഗങ്ങളെപ്പോലെ അന്ധകാരത്തിലും മാലിന്യത്തിലും ആയിരിക്കില്ല ജീവിക്കുന്നത്. സ്ത്രീകളും പുരുഷന്മാരും സ്വതന്ത്രരും ലോകത്ത് മറ്റാരെക്കാളും ഉപരിയായി സ്വയം ഉയർത്തിപ്പിടിക്കുവാൻ പ്രാപ്തരുമായിരിക്കും. അവിടെ പ്ലേഗോ, കോളറയോ, വസൂരിയോ ഉണ്ടാകില്ല. ഒരാളും അലസരായിരിക്കില്ല, ഒരാളും ധാരാളിത്തത്തിൽ അഭിരമിക്കുകയില്ല. കായികാധ്വാനത്തിൽ എല്ലാവരും അവരവരുടെ പങ്ക് സംഭാവന ചെയ്തിരിക്കും. അതിവിശാലമായൊരു ചിത്രം വരച്ചിടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. റെയിൽവേ, പോസ്റ്റ്-ടെലഗ്രാഫ് ഓഫീസ് എന്നിവ സങ്കല്പിക്കുവാൻ സാധിക്കും. യഥാർത്ഥ വസ്തുക്കൾ നേടിയെടുക്കുക എന്നതാണ് പ്രധാനം, ബാക്കിയുള്ളവയൊക്കെ ചരിത്രത്തിൽ സ്വയമേവ ചേർന്നുനിന്നുകൊള്ളും. യഥാർത്ഥവസ്തുവിനെ വിട്ടുകളയാൻ ഞാൻ അനുവദിക്കുകയാണെങ്കിൽ ബാക്കിയുള്ളവയെല്ലാം തന്നെ സ്വയം ഇല്ലാതാകും.

പ്രവർത്തക സമിതി യോഗത്തിന്റെ അവസാന നാളിൽ ഒന്നുരണ്ടു ദിവസത്തെ സെഷനുകൾക്കുശേഷം ഈ വിഷയം പൂർണ്ണമായി ചർച്ച ചെയ്യുവാനും നിലപാടിൽ വ്യക്തത കൈവരിക്കുവാനും നിശ്ചയിച്ചിരുന്നു. ഞാനിത് ഇഷ്ടപ്പെടേണ്ടതുണ്ട്. എന്നാൽ പ്രവർത്തക സമിതി കൂടിയിരുന്നാലും ഇല്ലെങ്കിലും ഓരോ വിഷയങ്ങളിന്മേലുള്ള നമ്മുടെ നിലപാടുകൾ രണ്ട് കാരണങ്ങൾ കൊണ്ട് നാം വ്യക്തമായും മനസിലാക്കേണ്ടതുണ്ട്. ആദ്യമായി, നമ്മെ ഒന്നിപ്പിച്ച് നിർത്തുന്ന ബന്ധനം എന്നത് കേവലം രാഷ്ട്രീയപ്രവർത്തനങ്ങൾ മാത്രമല്ല. അത് അളക്കാൻ പറ്റാത്ത വിധത്തിൽ ആഴത്തിലുള്ളതും തകർക്കാൻ കഴിയാത്തതുമാണ്. അതുകൊണ്ടുതന്നെ രാഷ്ട്രീയ മണ്ഡലങ്ങളിൽ കൂടി നാം പരസ്പരം വ്യക്തമായി മനസിലാക്കേണ്ടതുണ്ടെന്നാണ് എന്റെ അങ്ങേയറ്റത്തെ ആഗ്രഹം. രണ്ടാമതായി നാം ഇരുവരും സ്വയം അപ്രസക്തരെന്ന് കരുതുന്നില്ല. നാമിരുവരും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് ജീവിക്കുന്നത്, നാമിരുവരും സന്തോഷപൂർവ്വം അതിനുവേണ്ടി മരിക്കുകയും ചെയ്യും. ലോകത്തിന്റെ അഭിനന്ദനങ്ങളുടെ ആവശ്യം നമുക്കില്ല. അഭിനന്ദനങ്ങളും ആരോപണങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. സേവനങ്ങളിൽ പ്രശംസയ്ക്ക് യാതൊരു സ്ഥാനവുമില്ല. ഇന്ത്യയുടെ സേവനത്തിനായി എനിക്ക് 125 വർഷം ജീവിക്കേണ്ടതുണ്ട്. എന്നാൽ ഞാനിപ്പോൾ വൃദ്ധനാണെന്ന കാര്യം എനിക്ക് സമ്മതിക്കേണ്ടതുണ്ട്. താങ്കളാണ് താരതമ്യേന യുവാവായിട്ടുള്ളത്, അതുകൊണ്ടുതന്നെ എന്റെ പിന്തുടർച്ചക്കാരനായി ഞാൻ താങ്കളെ നിർദ്ദേശിക്കുന്നു. എന്നിരുന്നാലും എന്റെ പിന്തുടർച്ചക്കാരനെ ഞാൻ മനസിലാക്കേണ്ടതുണ്ട്, അതുപോലെതന്നെ അദ്ദേഹം എന്നെയും. എങ്കിൽ മാത്രമേ എനിക്ക് സംതൃപ്തിയുണ്ടാകൂ.

ഞാൻ എഴുതിയ കാര്യങ്ങളിൽ സംസാരം ആവശ്യമുണ്ടെന്ന് താങ്കൾക്ക് തോന്നുന്നുവെങ്കിൽ നമുക്ക് ഒരു കൂടിക്കാഴ്ച ഏർപ്പെടുത്താവുന്നതാണ്.

താങ്കൾ കഠിനമായി അധ്വാനിക്കുന്നു. താങ്കൾക്ക് സുഖമെന്ന് കരുതുന്നു. ഇന്ദുവും സുഖമായിരിക്കുന്നുവെന്ന് വിശ്വസിക്കുന്നു.

അനുഗ്രഹാശിസ്സുകളോടെ,
ബാപ്പു

## നെഹ്റുവിന്റെ മറുപടി

**ഒക്ടോബർ 9, 1945**

പ്രിയപ്പെട്ട ബാപ്പു,

ലഖ്നൗവിൽ നിന്നുള്ള മടക്കയാത്രയിൽ, ഒക്ടോബർ 5ാം തീയ്യതിയിലെ താങ്കളുടെ കത്ത്, എനിക്ക് ഇന്ന് ലഭിച്ചു. താങ്കൾ എനിക്ക് വിശദമായി എഴുതിയതിൽ ഞാൻ സന്തോഷവാനാണ്, ഒരു പരിധിവരെ വിശദമാക്കാൻ ഞാനും ശ്രമിക്കും, എന്നാൽ ഇപ്പോൾ ഞാൻ പലവിധ പരിപാടികളിലും ബന്ധിതനായിക്കിടക്കുന്നതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ താങ്കൾ ക്ഷമിക്കുമെന്ന് കരുതുന്നു. ഇപ്പോൾ ഞാനിവിടെ കേവലം ഒന്നര ദിവസത്തേക്കു മാത്രമായാണ് എത്തിയിരിക്കുന്നത്. അനൗപചാരികമായ ഒരു ചർച്ചയായാണ് നല്ലതെന്ന് തോന്നുന്നു, എന്നാൽ ഇന്നത്തെ അവസ്ഥയിൽ അത് എപ്പോഴാണ് സൗകര്യപ്പെടുക എന്നറിയില്ല. ഞാൻ ശ്രമിക്കും.

ചുരുക്കിപ്പറഞ്ഞാൽ, എന്റെ കാഴ്ചപ്പാടിൽ നമ്മുടെ മുന്നിലുള്ള ചോദ്യമെന്നത് സത്യവും അസത്യവും തമ്മിലുള്ളതോ ഹിംസയും അഹിംസയും തമ്മിലുള്ളതോ അല്ല. യഥാർത്ഥ സഹകരണവും സമാധാനപരമായ രീതികളും ആയിരിക്കണം ഉന്നമെന്ന് തീരുമാനിച്ചാൽ, ഒരു സമൂഹം അവയെ പ്രോത്സാഹിപ്പിച്ചാൽ അത് നമ്മുടെ ലക്ഷ്യമായിരിക്കേണ്ടതുണ്ട്. പിന്നീടുള്ള ചോദ്യം ഇത്തരമൊരു സമൂഹം എങ്ങിനെ നേടിയെടുക്കാമെന്നതും അതിന്റെ ഉള്ളടക്കം എന്തായിരിക്കണമെന്നും ആയിരിക്കും. എനിക്ക് മനസിലാക്കാൻ സാധിക്കാത്ത സംഗതി, ഒരു ഗ്രാമം സത്യവും അഹിംസയും എന്തുകൊണ്ട് മുറുകെപ്പിടിക്കണം എന്നുള്ളതാണ്. സാധാരണനിലയിൽ പറഞ്ഞാൽ ഒരു ഗ്രാമം ബൗദ്ധികമായും സാംസ്കാരികമായും പിന്നാക്കം നിൽക്കുന്നതാണ്, പിന്നാക്ക സാഹചര്യങ്ങളിൽ നിന്നും ഒരുതരത്തിലുള്ള പുരോഗതിയും കെട്ടിപ്പെടുക്കാൻ സാധിക്കുകയില്ല. സങ്കുചിത മനസ്കരായി ജനങ്ങൾ സത്യവിരുദ്ധരും ഹിംസയിൽ വിശ്വസിക്കുന്നവരുമാകാനാണ് കൂടുതൽ സാധ്യത.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ശുചിത്വം തുടങ്ങിയ രാജ്യത്തിലെ മുഴുവൻ പേരുടെയും അടിസ്ഥാനാവശ്യങ്ങളായിരിക്കേണ്ട ചില വിഷയങ്ങളിലുള്ള പര്യാപ്തത സംബന്ധിച്ച വിഷയങ്ങൾ കൂടി മുന്നോട്ടുവെക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഇവ എത്രയും വേഗം എങ്ങിനെ നേടിയെടുക്കാമെന്ന കാര്യത്തിൽ അന്വേഷണം നടക്കണം. അപ്പോഴും ആധുനിക ഗതാഗത സംവിധാനങ്ങളും അതുപോലെ ആധുനിക വികസനങ്ങളും നിർബ്ബന്ധമായും തുടരേണ്ടതും വികസിപ്പിക്കേണ്ടതും അനിവാര്യമാണെന്നാണ് ഞാൻ കരുതുന്നത്. ഇവ ആർജ്ജിക്കുകയല്ലാതെ ഇതിൽനിന്നും പുറത്തു കടക്കാൻ യാതൊരുമാർ

ഗ്ഗവുമില്ല. അങ്ങിനെയെങ്കിൽ വൻകിട വ്യവസായങ്ങളുടെ നിലനിൽപ്പ് അത്യാവശ്യമാണ്. തികച്ചും ഗ്രാമീണ സ്വഭാവമുള്ള ഒരു സമൂഹത്തിൽ ഇത് എത്രത്തോളം സുസംഗതമായിരിക്കും? വൻകിടയും ഇടത്തരങ്ങളുമായ വ്യവസായങ്ങൾ സാധ്യമായത്രയും വികേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് വ്യക്തിപരമായി ഞാൻ ആഗ്രഹിക്കുന്നു; രണ്ട് തരത്തിലുള്ള സാമ്പത്തികവ്യവസ്ഥ ഒരു രാജ്യത്ത് നിലിനിൽക്കുകയാണെങ്കിൽ അവ തമ്മിലുള്ള സ്പർദ്ധ ഉടലെടുക്കുകയോ അല്ലെങ്കിൽ ഒന്ന് മറ്റൊന്നിനെ കീഴടക്കുകയോ ചെയ്യും.

സ്വാതന്ത്ര്യം, വൈദേശികാക്രമണം എന്നീ വിഷയങ്ങളിൽ, അത് രാഷ്ട്രീയവും സാമ്പത്തികവുമാം, ഈയൊരു സന്ദർഭത്തിൽ വേണം പരിഗണിക്കപ്പെടാൻ. സാങ്കേതികമായി മുൻനിരയിൽ നിൽക്കുന്ന ഒരു രാജ്യമായി മാറിയില്ലായെങ്കിൽ ഇന്ത്യയ്ക്ക് യഥാർത്ഥ സ്വാതന്ത്ര്യം നേടിയെടുക്കാൻ സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഈയൊരവസരത്തിൽ ശാസ്ത്രീയ വളർച്ചയെക്കാൾ കൂടുതലായി ഞാൻ സൈന്യത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. ഓരോ മേഖലയിലും ശക്തമായ ശാസ്ത്രീയ ഗവേഷണങ്ങളുടെ പശ്ചാത്തലമില്ലാതെ വർത്തമാന ലോകസാഹചര്യത്തിൽ നമുക്ക് മുന്നേറാൻ സാധിക്കുകയില്ല. വ്യക്തികളിലും, സംഘങ്ങളിലും, രാഷ്ട്രങ്ങൾക്കിടയിലും സംഘർഷങ്ങളിലേക്കും യുദ്ധങ്ങളിലേക്കും നയിക്കുന്നതരത്തിലുള്ള ആർത്തി ഇന്ന് ലോകത്ത് നിലനിൽക്കുന്നുണ്ട്. കൂടിയോ കുറഞ്ഞോ അളവിൽ നമ്മുടെ സമൂഹം മൊത്തമായും ഇതിനെ അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നത്. ഈയൊരു അടിത്തറ മാറേണ്ടതുണ്ട്, അത് സഹകരണത്തിലേക്ക് പരിവർത്തിപ്പിക്കേണ്ടതുണ്ട്, ഒറ്റപ്പെടലിലൂടെ അത് അസാധ്യമായിരിക്കും. ഇത് അംഗീകരിച്ചാൽ, സാധ്യമാണെന്ന് ബോധ്യപ്പെട്ടാൽ അവ യാഥാർത്ഥ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അത് ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും അകന്നു നിന്നുകൊണ്ടുള്ള സാമ്പത്തിക ക്രമത്തിലൂടെയല്ല മറിച്ച് കൂടുതൽ സഹകരണത്തിലൂടെയായിരിക്കണം. രാഷ്ട്രീയമോ സാമ്പത്തികമോ ആയ കാഴ്ചപ്പാടിലൂടെ ചിന്തിച്ചാൽ ഒറ്റപ്പെട്ടുനിൽക്കുന്ന ഇന്ത്യ ശൂന്യമായ ഒന്നായിരിക്കും, അത് ആർത്തി വർദ്ധിപ്പിക്കുന്നതും സംഘർഷങ്ങൾ സൃഷ്ടിക്കുന്നതുമായിരിക്കും.

കോടിക്കണക്കിന് ആളുകൾക്ക് കൊട്ടാരം പണിയാമെന്ന പ്രശ്നം തന്നെയില്ല. എന്നാൽ സാസ്കാരികമായ നിലനിൽപ്പ് സാധ്യമായതും സൗകര്യപ്രദവും പരിഷ്കൃതങ്ങളുമായ താമസസൗകര്യങ്ങൾ കോടിക്കണക്കായ ആളുകൾക്ക് എന്തുകൊണ്ട് ഉണ്ടായിക്കൂടാ എന്നതിന് യാതൊരു കാരണവും കാണാൻ സാധിക്കുന്നില്ല. ഇന്ന് അമിത വളർച്ച പ്രാപിച്ച നിരവധി നഗരങ്ങളിൽ തിന്മകൾ വികസിച്ചുവരുന്നത് അന്വേഷിക്കേണ്ടതുണ്ട്. ഇത്തരമൊരു അമിതവികസനത്തെ നമുക്ക് നിരുത്സാഹപ്പെടുത്തുകയും അതേ സമയം ഗ്രാമങ്ങളെ പട്ടണങ്ങളുടെ സാംസ്കാരിക നിലവാരത്തിലേക്കുയരാൻ പ്രേരിപ്പിക്കുകയും വേണം.

വളരെ വർഷങ്ങൾക്കു മുമ്പാണ് ഞാൻ ഹിന്ദ്സ്വരാജ് വായിച്ചിട്ടുള്ളത്, എന്റെ മനസിൽ വളരെ സ്ഫൂലമായ ചിത്രം മാത്രമേയുള്ളു. പക്ഷേ ഇരുപത് വർഷങ്ങൾക്ക് വായിച്ചിരുന്നപ്പോൾ പോലും എന്നെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും അത് അയഥാർത്ഥമായ ഒന്നായിരുന്നു. അതിൽ പിന്നീടുള്ള താങ്കളുടെ എഴുത്തുകളിലും പ്രസംഗങ്ങളിലും എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത് പഴയ നിലപാടുകളിൽനിന്നുള്ള മുന്നേറ്റവും ആധുനിക ഗതിവിഗതികളെ പ്രകീർത്തിക്കുന്നതുമായിട്ടാണ്. അതുകൊണ്ടുതന്നെ പഴയചിത്രങ്ങൾ യാതൊരു ഉലച്ചിലും കൂടാതെ താങ്കളുടെ മനസിൽ ഇപ്പോഴും ഉണ്ടെന്ന് പറയുമ്പോൾ ഞാൻ ആശ്ചര്യപ്പെടുകയായിരുന്നു. താങ്കൾക്ക് അറിയാവുന്നതുപോലെ ആ ഒരു ചിത്രം കോൺഗ്രസ് ഒരിക്കലും പരിഗണിച്ചിരുന്നില്ല, സ്വീകരിച്ചിരുന്നുമില്ല. താരതമ്യേന അപ്രധാനങ്ങളായ ചില കാര്യങ്ങളൊഴിച്ച് അവ സ്വീകരിക്കുവാൻ താങ്കൾ ഒരിക്കലും ആവശ്യപ്പെട്ടിരുന്നുമില്ല. ജീവിതത്തിന്റെ വൈവിധ്യമാർന്ന ദർശനങ്ങൾ ഉൾച്ചേർന്നിരിക്കുന്ന ഈ അടിസ്ഥാനപരമായ ചോദ്യങ്ങൾ പരിഗണിക്കുക എന്നത് കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം എത്രമാത്രം അഭിലഷണീയമാണ് എന്നകാര്യം തീരുമാനിക്കുവാനുള്ള ചുമതല താങ്കൾക്ക് വിട്ടുതരുന്നു. വർത്തമാന സാഹചര്യത്തിൽ പ്രവർത്തിക്കുവാനുള്ള കഴിവ് നഷ്ടപ്പെടുത്തുന്ന രീതിയിൽ ജനങ്ങളുടെ മനസിൽ വളരെയധികം സന്ദേഹങ്ങൾ മാത്രം സൃഷ്ടിക്കുന്ന തരത്തിലുള്ള വിഷയങ്ങളിൽ വാദവിവാദങ്ങളിൽ ഇടപെട്ടുകൊണ്ട് കോൺഗ്രസിനെപ്പോലുള്ള ഒരു സംഘടന സ്വയം നഷ്ടപ്പെടുവാൻ പാടില്ലെന്ന കാര്യം എനിക്ക് സങ്കല്പിക്കേണ്ടതുണ്ട്. രാജ്യത്തിനകത്തുള്ള മറ്റുള്ളവർക്കും കോൺഗ്രസിനും ഇടയിൽ തടസ്സങ്ങൾ സൃഷ്ടിക്കന്നതിലേക്കും ഇത് കാരണമായേക്കാം. തീർച്ചയായും, ആത്യന്തികമായി ഇതും അതുപോലെ മറ്റ് വിഷയങ്ങളും സ്വതന്ത്ര ഇന്ത്യയുടെ പ്രതിനിധികളും ചേർന്ന് തീരുമാനിക്കേണ്ടതാണ്. ഈ വിഷയങ്ങളൊക്കെ ചിന്തിച്ചിരുന്നതും സംവദിച്ചിരുന്നതും വളര മുമ്പായിരുന്നു, കഴിഞ്ഞ തലമുറയ്ക്കിടയിൽ ലോകമെമ്പാടും സംഭവിച്ച വൻതോതിലുള്ള മാറ്റങ്ങളെ അവഗണിച്ചുകൊണ്ടായിരുന്നു എന്നൊരു തോന്നൽ എനിക്കുണ്ട്. ഹിന്ദ്സ്വരാജ് എഴുതിയിട്ട് 38 വർഷങ്ങൾ കഴിഞ്ഞു. ഒരുവേള തെറ്റായ ദിശയിലാണെങ്കിൽപ്പോലും ലോകം അതിൽപ്പിന്നീട് പൂർണ്ണമായും മാറിക്കഴിഞ്ഞിരിക്കുന്നു. നിലവിലുള്ള വസ്തുതകളും യാഥാർത്ഥ്യങ്ങളും മനസിൽ കണ്ടുകൊണ്ടുമാത്രമേ ഈ വക ചോദ്യങ്ങളെ പരിഗണിക്കുവാൻ പാടുള്ളു, മറിച്ചാണെങ്കിൽ യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമായിരിക്കും. ലോകം, അല്ലെങ്കിൽ അതിലെ വലിയൊരു ഭാഗം, ആത്മഹത്യയിലേക്ക് നീങ്ങുകയാണെന്ന് താങ്കൾ പറയുന്നത് ശരിയാണ്. നാഗരികതയ്ക്കിടയിൽ വികാസം പ്രാപിച്ച തിന്മകളുടെ വിത്തുകളാകാം ഇതിനു കാരണം. അങ്ങിനെയാണെന്ന് ഞാൻ കരുതുന്നു. ഈ തിന്മയിൽ നിന്നും എങ്ങിനെ അകന്നു നിൽക്കാം; ഭൂതകാലത്തിലെന്ന പോലെ വർത്തമാനത്തിലും നന്മയെ എങ്ങിനെചേർത്തു നിർത്താം എന്നതൊക്കെയും നമ്മുടെ വിഷയങ്ങളാണ്. നിശ്ചയമായും വർത്തമാനത്തിൽ നന്മകൾ കൂടിയുണ്ട്.

വളര തിരക്കുപിടിച്ച് എഴുതിയ ഏകദേശ ചിന്തകൾ മാത്രമാണിത്; ഉന്നയിച്ചിരിക്കുന്ന ഗൗരവമേറിയ ചോദ്യങ്ങളോട് അത് അനീതിപുലർത്തുന്നുണ്ടെന്ന് ഞാൻ ഭയപ്പെടുന്നു. ഇത്തരമൊരു കൂട്ടിക്കൂഴച്ച രീതിയിലുള്ള അവതരണത്തിൽ താങ്കൾ എന്നോടു ക്ഷമിക്കുമെന്ന് ഞാൻ കരുതുന്നു. ഈ വിഷയത്തിൽ വിശദമായി എഴുതാൻ ഞൻ പിന്നീട് ശ്രമിക്കുന്നതാണ്. താങ്കൾ സുഖമായിരിക്കുന്നുവെന്നും ഇൻഫ്ളുവെൻസയിൽ നിന്നും പൂർണ്ണമായി വിടുതൽ നേടിയെന്നും കരുതുന്നു.

താങ്കളുടെ
ജവാഹർലാൽ